പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3180 | 22.06.2012 ൽ മറുപടിയ്ക്ക് |
|---|---|

**പുതിയ അംഗൻവാടികൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. സി. കൃഷ്ണൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് പുതിയതായി അംഗൻവാടികൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) പരിഗണനയിലുണ്ട്. |
| (ബി) | പുതിയതായി അംഗൻവാടികൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (ബി) കേന്ദ്ര സർക്കാരിന്റെ പുതുക്കിയ ജനസംഖ്യാ മാനദണ്ഡ പ്രകാരം ചുവടെ ചേർക്കുന്ന രീതിയിൽ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് പുതിയ അംഗൻവാടികൾ അനുവദിക്കുന്നത്.<br>• <u>റൂറൽ/അർബൻ പ്രദേശങ്ങൾ</u><br>400-800 ജനസംഖ്യ - ഒരു അംഗൻവാടി<br>800-1600 ജനസംഖ്യ- രണ്ട് അംഗൻവാടി<br>1600-2400 ജനസംഖ്യ- മൂന്ന് അംഗൻവാടി<br>ശേഷമുള്ള ഓരോ 800 ജനസംഖ്യയ്ക്കും ഒരു അംഗൻവാടി വീതം അധികം അനുവദിക്കാവുന്നതാണ്.<br><u>മിനി അംഗൻവാടി സെന്ററുകൾ</u><br>150-400 ജനസംഖ്യ - ഒരു മിനി അംഗൻവാടി<br>• **<u>Tribal/Reverine/Desert/hilly and other difficult areas</u>**<br>**300-800** ജനസംഖ്യ- ഒരു അംഗൻവാടി<br>150-300 ജനസംഖ്യ- ഒരു മിനി അംഗൻവാടി<br>• **'Anganwadi on demand'** പ്രകാരം ആറ് വയസ്സിൽ താഴെ പ്രായമുള്ള കുറഞ്ഞത് 40 കുട്ടികളുള്ളതും അംഗൻവാടികൾ ഇല്ലാത്തതുമായ ഗ്രാമ പ്രദേശത്തെ ജനവിഭാഗങ്ങൾക്കും ചേരി നിവാസികൾക്കും പുതിയ അംഗൻവാടികൾ അനുവദിക്കുന്നു. |

| | | |
|---|---|---|
| | | SC/ST minority/migrant population, urban slum settlement, rural hamlet, people with temporary residence, semi-nomadic and nomadic communities, Women workforce working in tea gardens, brick kilns, paddy fields, construction sites and sugar cane fields എന്നിങ്ങനെയുള്ള ജനവിഭാഗങ്ങളിൽ/പ്രദേശങ്ങളിൽ ഉൾപ്പെടുന്ന എല്ലാ അർഹരായ ഗുണഭോക്താക്കൾക്കും ഐസിഡിഎസ് പദ്ധതിയിലൂടെ സേവനങ്ങൾ ലഭ്യമാക്കു വാൻ പര്യാപ്തമായ രീതിയിലാണ് പുതിയ അംഗൻവാടികൾ അനുവദിക്കുന്നത്. |
| (സി) | പയ്യന്നൂർ നിയോജകമണ്ഡലത്തിൽ പുതിയതായി അംഗൻവാടികൾ അനുവദിക്കുന്നതിനുവേണ്ടി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; | (സി) & (ഡി) രാമന്തളി ഗ്രാമപഞ്ചായത്തിലെ തുരുത്തുമ്മൽ പട്ടികജാതി കോളനിയിൽ ഒരു അംഗൻവാടി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള രാമന്തളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ എവിടെ നിന്നെല്ലാമാണെന്ന് വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ